52

# ജീവജലം[1]

## യോഹന്നാൻ 7:37- 39, ഒരടുത്ത നോട്ടം

ലോകത്തിൽ വെച്ച് ഏറ്റവും ഉയരം കൂടിയ പർവ്വതമാണ് യവറസ്റ്റ് കൊടുമുടി. അതു ഹിമാലയ പർവ്വതത്തിലാണ്. അതു സമുദ്രനിരപ്പിൽനിന്ന് 29,028 അടി[2] ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത് – ഭൂമിയുടെ അന്തരീക്ഷത്തിൽ മൂന്നിൽ–രണ്ടു ഭാഗം മാർഗത്തിലൂടെ. 1920 ന്റെ ആരംഭം മുതൽ ആ കൊടുമുടിയുടെ മുകളിൽ എത്തുവാനുള്ള പരിശ്രമങ്ങൾ നടന്നിട്ടുണ്ട്. മുപ്പതു വർഷത്തിനിടയിൽ ഒമ്പതു പരിശ്രമങ്ങൾ നടന്നതിൽ ഒമ്പതും പരാജയപ്പെട്ടു. 1952–ൽ ഒരു കൂട്ടം മികവുറ്റ പർവ്വതാരോഹകർ സ്വിറ്റ്സർലണ്ടിൽ നിന്നു സംഘടിച്ച് പോയി. അവർ മാസങ്ങളോളം തയ്യാറെടുത്ത്, നന്നായി–ചിന്തിച്ച് പദ്ധതി ആവിഷ്ക്കരിച്ചാണ് പോയത്, എന്നാൽ അവസാനം അവർ ക്ഷീണവും തളർച്ചയും കാരണം അവരുടെ പരിശ്രമം ഉപേക്ഷിച്ചു.

അടുത്ത വർഷം, ബ്രിട്ടീഷുകാർ, ഒരു ഡോക്ടറായിരുന്ന കേണൽ ജോൺ ഹണ്ടിന്റെ നേതൃത്വത്തിൽ ഒത്തു ചേർന്നു. സ്വിസ് പരിശ്രമങ്ങൾ പരാജയപ്പെടുവാനുള്ള കാരണം അവർക്ക് ദിവസം രണ്ട് കപ്പ് വെള്ളം മാത്രമേ ഓരോരുത്തർക്ക് കൊണ്ടുപോകുവാൻ കഴിഞ്ഞുള്ളു എന്ന് മനസിലാക്കി. അദ്ദേഹം മഞ്ഞ് ഉരുകുന്ന ഒരു ഉപകരണം കൂടെ എടുത്തതുകൊണ്ട് ഓരോരുത്തർക്കും ഒരു ദിവസം ചുരുങ്ങിയതു പന്ത്രണ്ടു കപ്പ് വെള്ളം കുടിക്കുവാൻ കഴിയുമായിരുന്നു. 1953 മെയ് 29ന്, ആ പർവ്വതാരോഹണസംഘം അങ്ങനെ ആദ്യമായി ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടിയിൽ ചെന്ന് കൊടി കുത്തി.[3] വ്യത്യാസം വരുത്തിയത് മതിയായ ജല വിതരണമാണ്.[4]

ഇന്ന് നാം ജലത്തിന്റെ പ്രയോജനഫലത്തെ കുറിച്ച് വീണ്ടും ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അമേരിക്കയിൽ, നമ്മുടെ കാപ്പി., ചായ., കോക്ക്–കുടിക്കുന്ന തലമുറയോട് പറയുന്നു നാം കൂടുതൽ ജലം കുടിക്കണമെന്ന്: ചുരുങ്ങിയതു എട്ടു മുതൽ പത്തു കപ്പുവരെ വെള്ളം കുടിക്കണം. അതിനെ ആസ്പദമാക്കിയാണ് ആരോഗ്യം ഇരിക്കുന്നത് എന്ന് നമ്മുടെ ആരോഗ്യ അധികാരികൾ പറയുന്നു.

നമ്മുടെ ശരീരങ്ങൾക്ക് പോലും ഭൗതിക ജലം ആവശ്യമായിരിക്കുന്നതു പോലെ, നമ്മുടെ ആത്മാക്കൾക്കും ആത്മികജലം ആവശ്യമാണ്. ഇതാണ് നമ്മുടെ വേദഭാഗത്ത് ഊന്നി പറഞ്ഞിരിക്കുന്നത്:

> ഉൽസവത്തിന്റെ മഹാദിനമായ ഒടുക്കത്തെ നാളിൽ യേശു നിന്നുകൊണ്ട് “ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. ‘എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും’” എന്നു വിളിച്ചു പറഞ്ഞു. അവൻ ഇതു

തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെ കുറിച്ച് ആകുന്നു പറഞ്ഞത്. യേശു അന്ന് തേജസ്ക്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവ് വന്നി ട്ടില്ലായിരുന്നു (യോഹന്നാൻ 7:37–39).

## സമയം-എടുത്തുള്ള ചടങ്ങുകളിൽ ക്രിസ്തുവിന്റെ തടസം

ക്രിസ്തുവിന്റെ വാക്കുകൾ നിങ്ങൾക്ക് അനുമോദിക്കുവാൻ കഴിയണ മെങ്കിൽ, നിങ്ങൾക്ക് പെരുന്നാളിനെ കുറിച്ചും പെരുന്നാളിനിടയിലെ വെള്ളം കൊണ്ടുള്ള ചടങ്ങുകളും നിങ്ങൾ അറിയേണ്ടതുണ്ട്. ആ പെരുന്നാൾ കൂടാ രപ്പെരുന്നാളായിരുന്നു, അല്ലെങ്കിൽ സമാഗമന കൂടാരത്തിന്റെ (യോഹന്നാൻ 7:2), വർഷത്തിലെ അവസാന യെഹൂദപെരുന്നാളായിരുന്നു അത്. നിങ്ങൾക്ക് ഒരു ടൈം മെഷിൻ ഉണ്ടെങ്കിൽ, യിസ്രായേലിന്റെ പെരുന്നാളിനു പോയാൽ, നിങ്ങൾക്ക് അതു ആസ്വദിക്കുവാൻ കഴിയും.

ആ പെരുന്നാൾ നടന്നിരുന്നത് സെപ്തംബർ അവസാനമോ അല്ലെങ്കിൽ ഒക്ടോബർ ആദ്യമോ ആയിരിക്കും. മൂന്നു യെഹൂദ പെരുന്നാളുകളിൽ ഒന്നാ യിരുന്നു അത്,[5] ലോകം മുഴുവനുമുള്ള യെഹൂദപുരുഷന്മാർ യെരുശലേമിൽ വന്നു ചേരുന്ന സമയമായിരുന്നു അത്. ഒരു ദിവസത്തേക്ക് മാത്രമായിരുന്നില്ല, ആഘോഷം ഏഴു നാൾ നീണ്ടുനില്ക്കുമായിരുന്നു. കർത്താവിന്റെ കാലത്ത്, എട്ടാം നാൾ കൂടെ ചേർത്തതായിരുന്നു:ഒരു വിശുദ്ധശബ്ബത്ത്.

മറ്റു പെരുന്നാളുകൾ പോലെ ഇതിനും ആളുകൾക്ക് പല പ്രാധാന്യമുണ്ടാ യിരുന്നു. അതിനു ആദ്യമായി ചരിത്രപരമായ പ്രാധാന്യമുണ്ടായിരുന്നു: അവ രുടെ പൂർവ്വപിതാക്കന്മാർ മരുഭൂമിയിൽ ഉഴന്നു നടന്ന ദിവസങ്ങൾ ഓർമ്മിക്കു ന്നതായിരുന്നു (ലേവ്യാപുസ്തകം 23:43). പെരുന്നാളിനിടയിൽ അവർ താമസി ച്ചിരുന്നത് പുറത്തുള്ള കൂടാരങ്ങളിലായിരുന്നു – അവരുടെ കൈകൾ കൊണ്ട് വൃക്ഷക്കൊമ്പുകളും പന ഓലയും കൊണ്ടുണ്ടാക്കിയ താല്ക്കാലിക ഷെഡ്ഡ്(ലേവ്യാപുസ്തകം 23:40).[6] ആ ചട്ടക്കൂടുകൾ തെരുവുകളിലെ, വീടു കളുടെ മേൽകൂരകളിലും, ദൈവാലയ പരിസരത്തും, യെരുശലേമിലെ മല ഞ്ചെരുവുകളിലും ഉണ്ടായിരുന്നു. അപ്പന്മാരും അവരുടെ ആൺമക്കളും, അമ്മമാരും അവരുടെ പെൺമക്കളും, അവരുടെ പേരക്കുട്ടികളും – എല്ലാം ആ കുടിലുകളിലാണ് താമസിച്ചിരുന്നത്. ആഴ്ച്ച മുഴുവനും, അവർ അവിടെ ഉണ്ടും, ഉറങ്ങിയും, പ്രാർത്ഥിച്ചും, നാല്പതു വർഷം തന്റെ ജനം അലഞ്ഞു തിരിഞ്ഞപ്പോൾ അവർക്ക് ദൈവം എങ്ങനെ ഓരോന്നു നല്കി എന്നതു വായിച്ചും കഴിഞ്ഞു.

ദൈവം പണ്ട് എങ്ങനെ നല്കി എന്നു മാത്രമല്ല ആ ആഘോഷം വർത്ത മാനകാലത്തിലും ദൈവം എങ്ങനെ തരുമെന്നാണ് ഓർപ്പിക്കുന്നത്. അതിനു കാർഷിക പ്രാധാന്യമുണ്ടായിരുന്നു: അത് മുഖ്യ വിളവെടുപ്പിനുശേഷമുള്ള കൊയ്ത്തു പെരുന്നാളുമായിരുന്നു – ബാർളിയും ഗോതമ്പും, മുന്തിരിയും.[7] ജനങ്ങൾ തങ്ങൾക്കു ലഭിച്ച സമൃദ്ധമായ കൊയ്ത്തിനു നന്ദി പറഞ്ഞു. വരും വർഷത്തിൽ നല്ല വിളവെടുപ്പ് നൽകി അനുഗ്രഹിക്കേണ്ടതിന് ദൈവത്തോട് അപേക്ഷിക്കുകയും ചെയ്തിരുന്നു. ഭൂമിയിലെ എഴുപതു ദേശങ്ങൾക്കു വേണ്ടി എഴുപതു കാളകളെ യാഗമർപ്പിക്കുകയും ചെയ്തിരുന്നു. ആ ചട ങ്ങുകളിൽ നാനൂറ്റി നാൽപ്പത്തിയാറ് പുരോഹിതന്മാരും അതിന് ആവശ്യമാ യത്ര ലേവ്യരും ഉൾപ്പെട്ടിരുന്നു. ദേവാലയ പ്രാകാരങ്ങളിൽ ഇരുപത്തി-ഒന്ന് കാഹളങ്ങൾ ഊതിയിരുന്നു. സ്ത്രീകളുടെ പ്രാകാരത്തിനു മുകളിൽ ധാരാളം

മെഴുകുതിരികൾ കത്തിച്ചു തൂക്കിയിടുവാനായി വളരെ വലിയ ഉപകരണം ഉണ്ടായിരുന്നു, അതിനോടൊപ്പം പ്രകാശപൂർണ്ണമായ ടോർച്ചുകളാൽ ദൈവാലയ സമുച്ചയത്തിലും ചുറ്റുമുള്ള അയൽവക്കങ്ങളിലും പ്രകാശം പരന്നിരുന്നു.[8] രാത്രിയിൽ, ആ ടോർച്ചിന്റെ പ്രകാശത്തിൽ പുരുഷന്മാർ നൃത്തം ചെയ്തിരുന്നു. യെഹൂദന്മാരുടെ പെരുന്നാൾ ദിവസങ്ങളിൽ ഇത് ഏറ്റവും സന്തോഷകരമായ ഒന്നായിരുന്നു![9]

ഇതു നമ്മെ പെരുന്നാളിന്റെ കേന്ദ്രഭാഗത്തേക്കു കൊണ്ടുവരുന്നു: ദിവസേനയുള്ള വെള്ളം കൊണ്ടുള്ള ചടങ്ങ്. ഓരോ ദിവസത്തിന്റെയും ആരംഭത്തിൽ, വെള്ള-അങ്കി ധാരികളായ പുരോഹിതന്മാർ ആഘോഷിക്കുവാൻ വന്നവരുമായി പ്രദക്ഷിണം ചെയ്ത് ദേവാലയത്തിൽ നിന്ന് മലയിറങ്ങി ശിലോഹോം കുളത്തിലേക്ക് പോയിരുന്നു, അതിലായിരുന്നു ജിഹോൻ ഉറവ.[10] പട്ടണത്തിന് വേണ്ട മുഖ്യമായ ജലം ഇവിടെ നിന്നായിരുന്നു, കുടിവെള്ളത്തിന്റെ ഉറവിടം. അവർ കുളത്തിൽ എത്തുമ്പോൾ, പുരോഹിതന്മാരിൽ ഒരാൾ സ്വർണ്ണം കൊണ്ടുള്ള ഒരു പാത്രമെടുത്ത് കുളത്തിൽ മുക്കി, അതിൽ വെള്ളം നിറയ്ക്കും. അവനത് ചെയ്യുമ്പോൾ, ആളുകൾ നിലവിളിച്ചു പറയും, “സന്തോഷത്താൽ ഞങ്ങൾ രക്ഷയുടെ ഉറവുകളിൽ നിന്ന് വെള്ളം കോരും” (യെശയ്യാവു 12:3 നോക്കുക; കെജെവി).

പിന്നെ പുരോഹിതൻ ആ പ്രദക്ഷിണത്തെ നയിച്ച് മലമുകളിൽ ഉള്ള ദേവാലയത്തിലേക്ക് കൊണ്ടുപോകും. പുരോഹിതൻ തന്റെ തലയിൽ ആ പാത്രത്തിലെ വെള്ളം ചുമന്നുകൊണ്ടുപോകും. നടന്നുപോകുമ്പോൾ, ആളുകൾ സങ്കീർത്തനം 113–118 ലെ, അവസാനഭാഗം പറയും “യഹോവേ ഞങ്ങളെ രക്ഷിക്കേണമേ, യഹോവേ ഞങ്ങൾക്കു ശുഭത നൽകേണമേ; യഹോവയ്ക്കു സ്തോത്രം ചെയ്യും, അവൻ നല്ലവനല്ലോ; അവന്റെ ദയ എന്നേക്കുമുള്ളത്” (സങ്കീർത്തനങ്ങൾ 118:25, 29). ആന്തരിക പ്രാകാരത്തിന്റെ തെക്കേ ഭാഗത്തുള്ള ജല ഗോപുരത്തിൽ എത്തുമ്പോൾ, അവരെ സ്വാഗതം ചെയ്യുന്നത് മൂന്നു കാഹളങ്ങൾ ഊതിക്കൊണ്ടായിരുന്നു.

പുരോഹിതൻ ദഹനയാഗത്തിനുള്ള യാഗപീഠത്തിലേക്ക് കോവണിവഴിയായി പോകും. ആയിരക്കണക്കിന് ആളുകൾ പനയോലയും വൃക്ഷശിഖരങ്ങളും വീശിക്കൊണ്ടിരിക്കുമ്പോൾ അവൻ ആ പാത്രം ഉയർത്തിപ്പിടിക്കും. പിന്നീട് ആ വെള്ളം ഒരു വെള്ളി ഫണലിലൂടെ, തറയിലേക്ക് ഒഴുക്കിവിടും. ആളുകൾ ഉച്ചത്തിൽ ദൈവത്തെ പുകഴ്ത്തുകയും കാഹളം ഊതുകയും ചെയ്യും.[11]

ദൈവം തന്റെ ജനത്തിന്, പാറയിൽ നിന്ന് മരുഭൂമിയിൽ വെച്ച് ജലം കൊടുത്തതിന്റെ സ്മരണ പുതുക്കുന്ന ആഘോഷമായിരുന്നു അത് (പുറപ്പാട് 17;[12] സംഖ്യാപുസ്തകം 20; ആവർത്തനപുസ്തകം 8:15; സങ്കീർത്തനങ്ങൾ 105:41). അത് ദേശത്തിന്റെ വെള്ളത്തിനുള്ള ഏറ്റവും വലിയ ആവശ്യത്തെയും സമ്മതിപ്പിക്കുന്നു. ആ പ്രദേശത്ത് മെയ് മുതൽ ഒക്ടോബർ വരെ, കുറച്ചു മാത്രം, മഴയാണ് ലഭിച്ചിരുന്നത്. ആ പെരുന്നാളിനുശേഷം മഴ ലഭിച്ചില്ലെങ്കിൽ, അടുത്ത വർഷം വിളവെടുപ്പ് കാണുകയില്ല. അതുകൊണ്ട് ആ ആഘോഷം ഭൂതകാലത്തിൽ ദൈവം കരുതിയതിന് നന്ദി സൂചിപ്പിക്കുന്നതും ഭാവിയിൽ ദൈവം കരുതേണ്ടതിനുള്ള അപേക്ഷയുമാണ്. ആ ചടങ്ങ് കുട്ടികളുടെ കണ്ണ് – ആശ്ചര്യപൂർവ്വം തുറപ്പിക്കുന്നതും, സ്ത്രീകളുടെ ഹൃദയം സന്തോഷം നിറയ്ക്കുന്നതും, പ്രായമായവരെ എല്ലാം വീണ്ടും യുവത്വം തോന്നിപ്പിക്കുന്നതും ആയി

രുന്നു. അതൊരു ആകർഷണീയമായ കാഴ്ച്ച ആയിരുന്നു.

ആ ആഹ്ളാദകരമായ ആഘോഷ മദ്ധ്യേ, യേശു നിന്നുകൊണ്ടു ഉറക്കെ പറഞ്ഞു (വാ. 37). അവൻ നിന്നു എന്നു പറയുന്നത് പ്രാധാന്യമർഹിക്കുന്ന ഒന്നാണ്; അവൻ സാധാരണ ഇരുന്നാണ് ഉപദേശിച്ചിരുന്നത് (8:2 നോക്കുക). അവൻ ഉച്ചത്തിൽ പറഞ്ഞത് ശ്രദ്ധിക്കേണ്ടതാണ്; അവൻ ഉപദേശിച്ചപ്പോൾ ചിലപ്പോൾ മാത്രമാണ് ശബ്ദം ഉയർത്തി സംസാരിച്ചത് എങ്കിലും, ഏറ്റവും പ്രധാനം, അവന്റെ സന്ദേശത്തിനായിരുന്നു: "ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് തിരുവെഴുത്ത് പറയുന്നതുപോലെ ജീവജലത്തിന്റെ നദികൾ ഒഴുകും" (7:37, 38).

ക്രിസ്തുവിന്റെ വാക്കുകൾ ഒരു തടസ്സമായിരുന്നു[13] – ഞെട്ടിക്കുന്നതും, പണ്ടുണ്ടാകാത്തതുമായ തടസ്സമായിരുന്നു. അവൻ ചെയ്തത് ധീരവും, ആചാരലംഘനവുമായിരുന്നു. ഫലത്തിൽ അവൻ സമയം–എടുത്തുള്ള ആഘോഷത്തെയാണ് പറയുന്നത്,[14] "അതിൽ ജീവനുണ്ടെന്നു നിങ്ങൾ വിചാരിക്കുന്നുവോ? ഇല്ല, എന്നിലേക്കു നോക്കുക!" ജീവൻ ചടങ്ങുകളിലോ, ആഘോഷങ്ങളിലോ അല്ല മറിച്ച് തന്നിലാണ് ജീവനുള്ളതെന്ന് ആളുകൾ അറിയുവാൻ അവൻ ആഗ്രഹിച്ചു.

ആ സന്ദേശം ഒന്നാം നൂറ്റാണ്ടിൽ ആവശ്യമായിരുന്നു; അത് ഇപ്പോഴും ഇരുപത്തി–ഒന്നാം നൂറ്റാണ്ടിലും ആവശ്യമാണ്. നാം സൂക്ഷിച്ചില്ലെങ്കിൽ, നാം ചെയ്യുന്നതിനാണ് നമ്മുടെ ആത്മീയ ശക്തി എന്ന് നാം ചിന്തിച്ചുപോകും. സൂക്ഷിച്ചില്ലെങ്കിൽ ആരാധന ബൈബിൾ, പാട്ടുപുസ്തകം, കർത്തൃമേശാ പാത്രം, സ്തോത്ര കാഴ്ച്ച പാത്രം എന്നിവ ഉൾപ്പെടുന്ന ചടങ്ങുകളായി തീർന്നേക്കാം.[15] നാം ആരാധനയിൽ ചെയ്യുന്നതെല്ലാം അവസാനത്തേക്കുള്ള മാർഗ്ഗങ്ങളാണ്: ജീവനുള്ള കർത്താവിനെ അഭിമുഖീകരിക്കേണ്ടതിന്. അല്ലെങ്കിൽ, നമുക്ക് – കേട്ട്, പാടി, നിന്നും, ഇരുന്നും, തലകുനിച്ചും, തലയുയർത്തിയും കൊണ്ട് – കെട്ടിടത്തിൽ ആത്മീയ ദാഹം അപ്പോഴും എരിഞ്ഞു കൊണ്ടിരിക്കുന്നത് വിട്ടുകളഞ്ഞേക്കാം. ആ ദാഹം ശമിക്കണമെങ്കിൽ നമ്മുടെ ആരാധന ജീവജല നദി ഒഴുകുന്ന, യേശുക്രിസ്തു എന്ന "ആത്മീയ പാറയിൽ" എത്തണം (1 കൊരിന്ത്യർ 10:4).

നമുക്കെല്ലാവർക്കും യോഹന്നാൻ 7:37–39 സന്ദേശം ആവശ്യമാണ്. നമുക്ക് ആദ്യം യേശുവിന്റെ വാഗ്ദാനങ്ങളെ നോക്കാം. പിന്നെ ആ വാഗ്ദാനങ്ങൾ ലഭിക്കുന്നതിന് ആവശ്യമായവയെ കുറിച്ച് ചിന്തിക്കാം.

### ജീവജലനദികൾ ഒഴുകുമെന്ന ക്രിസ്തുവിന്റെ വാഗ്ദാനങ്ങൾ

ദാഹിക്കുന്നവൻ വരട്ടെ എന്ന് ക്രിസ്തു അപേക്ഷിച്ചശേഷം, അവൻ പറഞ്ഞു, "എന്നിൽ വിശ്വസിക്കുന്നവൻ, തിരുവെഴുത്ത് പറയുന്നതുപോലെ, 'അവന്റെ ഉള്ളിൽനിന്ന് ജീലജല നദികൾ ഒഴുകും' " (വാ. 38). അവന്റെ ഉള്ളിൽ ഏതു തിരുവെഴുത്താണ് ഇതു പറയുമ്പോൾ ഉണ്ടായിരുന്നതെന്ന് നമുക്ക് അറിയില്ല ആ വാക്കുപോലെയുള്ള തിരുവെഴുത്ത് പഴയ നിയമത്തിൽ ഇല്ല. എങ്ങനെയായാലും, ആ ചിന്ത, പല പഴയ നിയമ വേദഭാഗങ്ങളിലും പ്രതിധ്വനിച്ചിട്ടുണ്ട്, യെശയ്യാവു 44:3; 55:1; യെഹെസ്കേൽ 47:1–11; സെഖര്യാവു 13:1; 14:8. ഗ്രീക്കിലും ഇംഗ്ലീഷിലും വ്യക്തതയില്ലാത്ത വാക്യങ്ങൾ 37–ഉം 38–ഉം മറ്റൊരു വെല്ലുവിളിയാണ്. കെജെവിയിലും എൻഎഎസ്ബി

യിലും വിരാമചിഹ്നം കാണുന്നത്[16] അനുസരിച്ച്, "ഹിസ് ഇന്നർ മോസ്റ്റ് ബീയിങ്" എന്നത് വിശ്വാസിയെയാണ് സൂചിപ്പിക്കുന്നത്; എന്നാൽ ആ വിരാമചിഹ്നത്തോടുകൂടി ഉള്ളത് അൽപം വ്യത്യാസം വരുത്തുന്നു, ജീവജലത്തിന്റെ ഉറവിടമായ യേശുവിനെയാണ് അത് സൂചിപ്പിക്കുന്നത്: "... 'ദാഹിക്കുന്നവൻ, എന്റെ അടുക്കൽ വരട്ടെ. (അവൻ) വന്നു കുടിക്കട്ടെ, എന്നിൽ വിശ്വസിക്കുന്നവൻ. തിരുവെഴുത്ത് പറയുന്നതുപോലെ, "അവന്റെ ഉള്ളിൽനിന്ന് ജീവജല നദികൾ ഒഴുകും.'" അവൻ ഇത് ആത്മാവിനെ കുറിച്ചാണ് പറഞ്ഞത്. ..."[17] അത്തരം വിശദാംശങ്ങൾ, എങ്ങനെയായാലും, താരതമ്യേന അപ്രധാനമാണ്. കർത്താവിന്റെ മുഖ്യപോയിന്റു സ്പഷ്ടമാണ്. ആത്മീയമായ ഉണർവ് ലഭിക്കുന്നത് അവന്റെ അടുക്കൽ വരുന്നവർക്കു മാത്രമാണ്.

(1) യേശു *ജലം* വാഗ്ദാനം ചെയ്തു, ആത്മീയ ജലം. ആഹാരത്തിൽ ജലത്തിന്റെ പ്രാധാന്യം മനസ്സിലാക്കി അതിനായി ആളുകൾ പുനഗവേഷണം നടത്തിവരുന്നതായി ഈ അവതണത്തിന്റെ ആരംഭത്തിൽ ഞാൻ പറഞ്ഞു. ജലവും ഭൗതികമായ നിലനിൽപും തമ്മിലുള്ള ബന്ധത്തെ കുറിച്ച് ഡോ. ജി.സി. പിറ്റ്സ്, എന്ന അമേരിക്കയിലെ പ്രസിദ്ധ യൂണിവേഴ്സിറ്റിയിലെ[18] ഒരു ശരീര ശാസ്ത്രജ്ഞൻ പരീക്ഷണം നടത്തി. ഒരു മണിക്കൂറിൽ മൂന്ന–ര മൈൽ നടപ്പ് യന്ത്രത്തിൽ നടക്കുന്ന പുരുഷ നടപ്പുകാരെ എടുത്തു. അവരോടു തുടരുവാൻ കഴിയാത്തത്ര ക്ഷീണമുണ്ടാകുന്ന ദൂരം നടക്കുവാൻ ആവശ്യപ്പെട്ടു. ആ പരീക്ഷണത്തിൽ ഒരുകൂട്ടർക്ക് കുടിക്കുവാൻ ജലം നൽകിയില്ല. അവർ മൂന്ന–ര മണിക്കൂറുകൾ നടന്നു. രണ്ടാമത്തെ സംഘത്തെ സൂക്ഷ്മമായി അവരുടെ ശരീരത്തെ ജലനിരപ്പു പരിശോധിച്ചു. ആ അത്ലെറ്റുകൾക്ക് അവരുടെ ശരീരത്തിൽ വേണ്ടത്ര ജലം ലഭ്യമാക്കി. അവർക്ക്, ശരാശരി, ഓരോ പതിനഞ്ചു മിനിട്ടിലും ഓരോ കപ്പുവെള്ളം കൊടുത്തു. രണ്ടാമത്തെ പരീക്ഷണം ഏഴു മണിക്കൂറിനുശേഷം നിർത്തി, അപ്പോഴും അതിൽ പങ്കെടുത്തവർക്ക് ക്ഷീണം ഉള്ളതായി കണ്ടില്ല. ഡോക്ടർ ആവശ്യപ്പെടുന്നതുവരെ അവർക്ക് നടക്കുവാൻ കഴിയുമെന്ന് അവർ പറഞ്ഞു.

ജലവും ശാരീരിക ക്ഷീണവും തമ്മിലുള്ള ബന്ധം ആത്മീകമായും പ്രായോഗികമാക്കാം. ആത്മീകമായ നവീകരണം കൂടാതെ വർഷങ്ങളോളം നടപ്പുയന്ത്രം ചവിട്ടുന്ന പലരുണ്ട്. അവർക്കുള്ളിൽ ക്ഷീണമുണ്ടായി, ആത്മീയമായി തളർന്നിരിക്കുന്നു. ആത്മീയ ജലത്തിന്റെ ഉറവിടം ആണ് അവരെ ശക്തരാക്കുന്നതെന്നും അതു ക്രിസ്തുവിൽ മാത്രമാണ് ഉള്ളതെന്നും അവർ തിരിച്ചറിയണം

(2) യേശു ജീവജലം വാഗ്ദാനം ചെയ്തു. അവൻ പറഞ്ഞു, "അവന്റെ ഉള്ളിൽ നിന്ന് ജീവജല *നദികൾ* ഒഴുകും" (യോഹന്നാൻ 7:38; എംഫസിസ് മൈൻ).[20] മുൻപ് അവൻ കിണറ്റിനരികിലെ ശമര്യക്കാരി സ്ത്രീയോടു പറഞ്ഞു, "നീ ദൈവത്തിന്റെ ദാനവും നിന്നോടു കുടിപ്പാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു തരികയും ചെയ്യുമായിരുന്നു" (യോഹന്നാൻ 4:10). ജീവന്റെ സത്തയാണ് ജീവജലം; അതാണ് ആത്മാവിനെ തൃപ്തിപ്പെടുത്തുന്നത്. ക്രിസ്തു ശമര്യക്കാരിയായ സ്ത്രീയോടു പറഞ്ഞു, "ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന്ന് ഒരുനാളും ദാഹിക്കയില്ല; ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്കു പൊങ്ങിവരുന്ന നീരുറവയായി തീരും" (യോഹന്നാൻ 4:14). സ്വർഗ്ഗീയ സന്തോഷത്തിന്റെ മുൻരുചി

യാണ് ജീവജലം (വെളിപ്പാട് 7:17; 21:6; 22:1, 17).

(3) യേശു ജീവജല നദികൾ വാഗ്ദാനം ചെയ്തു. വീണ്ടും ആ വാഗ്ദാനത്തിൽ നോക്കുക: "അവന്റെ ഉള്ളിൽ–നിന്നും ജീവജല *നദികൾ* ഒഴുകും" (യോഹന്നാൻ 7:38; എംഫസിസ് മൈൻ). സമൃദ്ധമായി ലഭിക്കുന്ന അവന്റെ ആത്മീയ ദാനത്തെ ഊന്നൽ കൊടുത്തിരിക്കുന്നതാണിത്. ശമര്യക്കാരി സ്ത്രീയോടു അന്ന് പറഞ്ഞ "കിണറ്റിലെ വെള്ളം" ഇന്ന് "ജീവജല നദികൾ," ആയി തീർന്നുവെന്ന് ആരോ പറഞ്ഞിട്ടുണ്ട്.

സമുദ്ര നിരപ്പിൽ നിന്നും 17,000 അടി ഉയരത്തിലുള്ള ആന്റസ് പർവ്വതങ്ങളിൽ, കഷ്ടിച്ച് ഒരടിവീതിയുള്ള, ഒരു ഇടുങ്ങിയ അരുവി ആരംഭിക്കുന്നുണ്ട്. നാലായിരം മൈലുകൾ പിന്നിടുമ്പോൾ, അത് ചെന്നുചേരുന്നത് ലോകത്തിലെ ശക്തമായ നദിയായ, ആമസോണിലാണ്. ആമസോൺ നദീമുഖത്തുനിന്നാണ്, വെള്ളം അറ്റ്ലാന്റിക് കടലിലേക്ക് ഒഴുകുന്നത്, അത് സെക്കന്റിൽ 7.5 മില്യൻ ക്യുബിക് എന്ന അളവിലാണ്. ആ വെള്ളം, ഒരു ദിവസത്തേക്ക് ശേഖരിച്ചാൽ ന്യൂയോർക്ക് പട്ടണത്തിൽ ഒൻപതു വർഷത്തേക്കുവേണ്ട ജലം വരും.[21] കടലിനു പുറത്ത് അറുപതു മൈലോളം അടിസ്ഥാനപരമായി ആ വെള്ളം പുതുതായി തന്നെ ഒഴുകിക്കൊണ്ടിരിക്കുന്നു. ആ ചെറിയ ഒരു അരുവി ഒരു വലിയ നദിയായി തീരുന്നതിനെ കുറിച്ചു ചിന്തിക്കുക. പിന്നെ ചെറിയ രീതിയിൽ ആരംഭിച്ച ക്രിസ്ത്യാനിത്വം വലിയ നദികളായി തീർന്ന് ലോകം മുഴുവൻ വ്യാപിച്ച് അനുഗ്രഹിക്കപ്പെട്ടതിനെയും ചിന്തിക്കുക.[22]

വീണ്ടും, ക്രിസ്തു തരുന്ന *സമൃദ്ധമായ* അനുഗ്രഹങ്ങളെയാണ് "നദികൾ" എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത് എന്നു പറയട്ടെ. അവൻ പറഞ്ഞു "ഞാൻ വന്നത് (മനുഷ്യർക്കു) ജീവനുണ്ടാകേണ്ടതിനും, അതു സമൃദ്ധിയായി ഉണ്ടാകേണ്ടതിനും അത്രെ" (യോഹ. 10:10).

യോഹന്നാൻ പറയുന്നതനുസരിച്ച്, കർത്താവു പ്രത്യേകമായി ഒരു അനുഗ്രഹമാണ് വാഗ്ദാനം ചെയ്തത്: പരിശുദ്ധാത്മാവു എന്ന ദാനം. ക്രിസ്തു പറഞ്ഞത് ഉദ്ധരിച്ചുകൊണ്ടു പറയുന്നു, "അവന്റെ ഉള്ളിൽ നിന്ന് ജീവജല നദികൾ ഒഴുകും" (യോഹ. 7:38), അപ്പൊസ്തലൻ ഈ ദൈവശ്വാസീയ വിശദീകരണം നൽകുന്നു; "ഇത് അവൻ തന്നിൽ വിശ്വസിക്കുന്നവർക്ക് നൽകുവാനുള്ള ആത്മാവിനെ കുറിച്ചാകുന്നു പറഞ്ഞത്;[23] ആത്മാവു അന്നുവരെയും വന്നിട്ടില്ലായിരുന്നു, കാരണം യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലായിരുന്നു" (വാ. 39).

"ആത്മാവു അതുവരെയും വന്നിട്ടില്ലായിരുന്നു" എന്ന പദപ്രയോഗത്തിന് വിശദീകരണം ആവശ്യമാണ് കാരണം യേശുവിനും അവനോടു ബന്ധപ്പെട്ടവരിലും പരിശുദ്ധാത്മാവു സജീവമായിരുന്നിട്ടുണ്ട് (മത്തായി 1:18, 20; 3:16; 4:1; 12:18, 28; ലൂക്കൊസ് 1:15, 41, 67; 2:25–27; 4:1, 18; 10:21). ക്രിസ്തു ഉദ്ദേശിച്ചത് തന്റെ സ്വർഗ്ഗാരോഹണശേഷം അയക്കുവാനിരുന്ന പരിശുദ്ധാത്മാവിനെ കുറിച്ചാണ് (യോഹന്നാൻ 14:26; 15:26; 16:13), അത് അവൻ ദൈവത്തിന്റെ വലത്തുഭാഗത്തു "തേജസ്കരിക്കപ്പെട്ടശേഷമാണ് (പ്രവൃ 2:33; റോമർ 8:34; എഫെസ്യർ 1:20; കൊലൊസ്യർ 3:1; എബ്രായർ 1:3, 13; 10:12; 12:2; 1 പത്രൊസ് 3:22). ആ പ്രത്യേക സന്ദർഭം അപ്പോഴും പാപിയെ ഉദ്ദേശിച്ചുള്ളതായിരുന്നു.[24]

യോഹന്നാൻ 7:39–നെ കുറിച്ചുള്ള ഏറ്റവും നല്ല വ്യാഖ്യാനം പ്രവൃത്തികൾ

1 ഉം 2 മാണ്. യേശുവിന്റെ ഉയിർത്തെഴുന്നേൽപിനുശേഷം, അവൻ തന്റെ അപ്പൊസ്തലന്മാരോടു പറഞ്ഞു, "... പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾക്കു ശക്തി ലഭിക്കും" (പ്രവൃത്തികൾ 1:8). ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു പത്തു ദിവസങ്ങൾക്കുശേഷം, യെഹൂദ പെരുന്നാളായ പെന്തെക്കോസ്തു നാളിൽ, പന്തിരുവർ "പരിശുദ്ധാത്മാവു നിറഞ്ഞവരായി തീർന്നു" (പ്രവൃ 2:1–4). ഇത് പരിശുദ്ധാത്മാവിലുള്ള സ്നാനമായി പത്രൊസ് തിരിച്ചറിഞ്ഞു (പ്രവൃ 11:15, 16). പിന്നെ, പെന്തെക്കൊസ്തു നാളിൽ, സന്നിഹിതരായവരോടു പത്രൊസ് പറഞ്ഞു, "മാനസാന്തരപ്പെട്ട്, നിങ്ങൾ ഓരോരുത്തരും യേശുക്രിസ്തുവിന്റെ നാമത്തിൽ പാപമോചനത്തിനായി സ്നാനമേൽപിൻ; എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും" (പ്രവൃത്തികൾ 2:38).

അപ്പൊസ്തലന്മാർക്കു ലഭിച്ച പരിശുദ്ധാത്മ വരം അത്ഭുത വരമായിരുന്നു; സ്നാനപ്പെടുന്ന എല്ലാവർക്കും ലഭിച്ചത് (ലഭിക്കുന്നതും) അത്ഭുത–രഹിതമായ ദാനമാണ്. അത് കർത്താവിനെ അനുസരിക്കുന്ന ഏവർക്കുമുള്ള ദാനമാണ്. (പ്രവൃത്തികൾ 5:32), അവന്റെ പുത്രന്മാരും പുത്രിമാരുമായി തീരുന്നവർക്കു ലഭിക്കുന്ന ദാനമാണത്. (ഗലാത്യർ 4:6; എഫെസ്യർ 13, 14). തന്റെ മക്കളെ നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ട ദൈവ സാന്നിദ്ധ്യമാണ് ആ ദാനം. റോമർ 8 ചില പ്രത്യേകതകൾ നൽകുന്നു: ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിപ്പാൻ ദൈവത്തിന്റെ ആത്മാവു നമ്മെ സഹായിക്കുന്നു (വാ. 13); നമ്മുടെ ബലഹീനതകളിൽ അവൻ നമ്മെ താങ്ങും (വാ. 26); പ്രാർത്ഥിക്കുവാൻ അവൻ നമ്മെ സഹായിക്കും (വാ. 26).[25] യോഹന്നാൻ 7:38, 39–ലെ വാഗ്ദാനം കൂടുതൽ ആകർഷകമാക്കുവാൻ, ഒരുപക്ഷെ ഏറ്റവും യോജിച്ച വിവരണമെന്തെന്നാൽ പ്രവൃത്തികൾ 3:19–ലെ ക്രിസ്ത്യാനികൾക്ക് ആത്മാവു ചെയ്യുമെന്നു പറഞ്ഞിരിക്കുന്നതാണ്: അവൻ നമുക്ക് "കർത്താവിൽ നിന്ന് ... ആശ്വാസകാലം വരും" എന്നു പറഞ്ഞത്.[26]

യോഹന്നാൻ 7:39 ലേക്കു മടങ്ങിവരുമ്പോൾ, മുഖ്യ വാക്ക് "വിശ്വസിച്ചു" എന്നാണ്; "അവൻ, തന്നിൽ *വിശ്വസിക്കുന്നവർക്ക്* ലഭിപ്പാനുള്ള ആത്മാവിനെ കുറിച്ച് പറഞ്ഞു...." (എംഫസിസ് മൈൻ.) ക്രിസ്തുവിൽ വിശ്വസിച്ച അപ്പൊസ്തലന്മാർക്ക് പരിശുദ്ധാത്മ സ്നാനം ലഭിച്ചു. അവരുടെ ഉപദേശം കേട്ട് അവനിൽ വിശ്വസിക്കുന്നവർക്ക് പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും (പ്രവൃത്തികൾ 2:36–38). എങ്ങനെയായാലും, കർത്താവിനോടടുക്കാത്തവർക്ക്, അവനെ വിശ്വസിക്കാത്തവർക്ക്, ആ വാഗ്ദാനവുമായി ഒരു ബന്ധവുമില്ല.

### തനിക്കുവേണ്ടി ദാഹിക്കുന്നവരോടു ക്രിസ്തു ആവശ്യപ്പെടുന്നത്

യോഹന്നാൻ 7:37–39–ലെ വാഗ്ദാനങ്ങളെ കുറിച്ച് ഇനിയും നമുക്ക് പറയുവാൻ കഴിയും,[27] എന്നാൽ ആ വാഗ്ദാനങ്ങൾ ലഭിക്കുവാൻ നാം എന്തു ചെയ്യേണം എന്നു നോക്കേണ്ട സമയമായി. നമ്മുടെ വേദഭാഗം മൂന്ന് ആവശ്യങ്ങൾ പറയുന്നു: നാം സമ്മതിക്കണം, നാം സ്വീകരിക്കണം, നാം പ്രവർത്തിക്കണം.

(1) നമ്മുടെ ആവശ്യം നാം സാധിക്കണം. യേശു തന്റെ സന്ദേശം അറിയിച്ചു പറഞ്ഞു, "*ദാഹിക്കുന്നവൻ*, എന്റെ അടുക്കൽ വരട്ടെ ..." [28] (യോഹന്നാൻ 7:37; എംഫസിസ് മൈൻ). ദാഹം അവന്റെ ശ്രോതാക്കൾക്കു പരിചയമുള്ള വാക്കായിരുന്നു. നമ്മിൽ മിക്ക പേർക്കും ദാഹം എന്താണെന്നു

വാസ്തവത്തിൽ അറിയില്ല, [29] എന്നാൽ അവർക്ക് അറിയാമായിരുന്നു. അവർ വർഷത്തിൽ നീണ്ടതും ഉണങ്ങിയതുമായ അവസ്ഥയിൽനിന്നാണ് വന്നത്. ഓരോ വർഷവും മേയ് ആരംഭത്തിൽ, മഴ നിന്നുപോകും. മേയ്ക്കുശേഷം, ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബറിന്റെ ആരംഭഭാഗവും, മഴ പെയ്യാറില്ല. യെരുശലേമിന്റെ കിഴക്കൻ ഭാഗം ഉണങ്ങിവരണ്ട് ചന്ദ്രന്റെ ആകൃതിപോലെ കാണാം.[30] കിഴക്കുനിന്നുള്ള ഉഷ്ണക്കാറ്റ് അടിച്ച് അറേബ്യൻ മരുഭൂമിയിലേക്ക് പൊടി ഉയർത്തി ശരീരത്തിന്റെ എല്ലാ ഭാഗത്തേക്കും മഴക്കാർ പോലെ നീങ്ങിക്കൊണ്ടിരിക്കുന്നു. തന്റെ നാക്ക് അണ്ണാക്കിലേക്ക് വലിയുന്നതിനെ സങ്കീർത്തനക്കാരൻ എഴുതിയത് ആ പ്രദേശത്ത് താമസിച്ചിരുന്നവർക്ക് മനസ്സിലാകും (സങ്കീർ 137:6). “കുടിക്കുവാൻ ഒരു പാത്രം വെള്ളം” എന്നതിന്റെ അർത്ഥം അവർക്കു ശരിയായി അറിയാമായിരുന്നു (മത്തായി 10:42).

ഉയർന്ന ആത്മീയ ആവശ്യം ചൂണ്ടിക്കാണിക്കുവാൻ ക്രിസ്തു ഉപയോഗിച്ചത് അടിസ്ഥാനപരമായ ഭൗതിക ആവശ്യത്തെയാണ്. ഗിരി പ്രഭാഷണത്തിൽ, “നീതിക്കുവേണ്ടി” വിശപ്പും ദാഹവും ഉള്ളവരാകുവാൻ അവൻ പറഞ്ഞു (മത്തായി 5:6).[31] ഓരോ ആത്മാവിലും ദൈവത്തിനുവേണ്ടി ദാഹിക്കുന്ന ഒരംശമുണ്ട്, എന്നാൽ മനുഷ്യർ ആ ആത്മീകമായ തീക്ഷ്ണത ആളുകൾ, ശക്തി, സമ്പാദ്യങ്ങൾ, സുഖഭോഗം, പ്രസിദ്ധി എന്നിവയുമായി ചേർന്ന് മന്ദീഭവിപ്പിച്ചിരിക്കുന്നു.[32] അവസാനം, എങ്ങനെയായാലും, ഉപ്പുവെള്ളം ശാരീരികമായ ദാഹം ശമിപ്പിക്കാത്തതുപോലെ അത്തരം അനുഭവങ്ങൾ ആത്മാവിനെ ഒരിക്കലും തൃപ്തിപ്പെടുത്തുകയില്ല.[33] ആത്മാവിനെ തൃപ്തിപ്പെടുത്തുവാൻ കർത്താവിനു മാത്രമേ കഴിയൂ. ആദ്യത്തെ ആവശ്യം, അവനെ കൂടാതെ നമ്മുടെ ഉള്ളിൽ കത്തിയെരിയുന്ന, തീരാത്ത ദാഹമാണുള്ളതെന്ന് സമ്മതിക്കണം.

(2) ദാഹം ശമിപ്പിക്കുവാൻ, ഏക വ്യക്തി മാത്രമേയുള്ളൂ, അതു ക്രിസ്തുവാണെന്നു നാം സ്വീകരിക്കണം. “എനിക്ക് ദാഹിക്കുന്നു” എന്നു പറഞ്ഞാൽ മാത്രം പോരാ; നമ്മെ പുതുക്കുവാൻ ഉള്ള ഉറവിടം യേശു മാത്രമാണെന്നു അവർ സമ്മതിക്കണം. കർത്താവു പറഞ്ഞു, “ദാഹിക്കുന്നവൻ, *എന്റെ* അടുക്കൽ വന്നു കുടിക്കട്ടെ. *എന്നിൽ* വിശ്വസിക്കുന്നവന്റെ ... ‘ഉള്ളിൽ നിന്ന് ജീവജല നദികൾ ഒഴുകും’” (യോഹന്നാൻ 7:37, 38; എംഫസിസ് മൈൻ).

തന്നെ വിശ്വസിക്കുന്നതിന്റെ ആവശ്യകത ഊന്നി ക്രിസ്തു വാക്യം 38-ൽ പറയുന്നുണ്ട്. സന്ദർഭത്തിൽ, അത് അവനെ യെഹൂദന്മാർ മശിഹയായി സ്വീകരിക്കണം എന്നു സൂചിപ്പിക്കുന്നതാണ്. അടുത്ത അദ്ധ്യായത്തിൽ, അവൻ പറഞ്ഞു, “ഞാൻ അങ്ങനെയുള്ളവൻ (വാഗ്ദാനം ചെയ്ത മശിഹ), എന്നു നിങ്ങൾ വിശ്വസിക്കാഞ്ഞാൽ നിങ്ങളുടെ പാപങ്ങളിൽ നിങ്ങൾ മരിക്കും” (യോഹ. 8:24). ഇതിനർത്ഥം രക്ഷ “വിശ്വാസത്താൽ മാത്രം” വരുന്നു എന്നർത്ഥമാക്കരുത് (യാക്കോബ് 2:24; കെജെവി).[34] അതു പറയുന്നതു നമ്മുടെ വിശ്വാസം യേശുവിൽ തന്നെ ആയിരിക്കണം എന്നതാണ്.

(3) നമ്മുടെ വിശ്വാസപ്രകാരം നാം പ്രവർത്തിക്കണം. നമുക്ക് ദാഹമുണ്ട് എന്ന് അറിഞ്ഞാൽ മാത്രം പോരാ; ആ ദാഹം തീർക്കുവാൻ ക്രിസ്തുവിനു മാത്രമേ കഴിയൂ എന്നു മനസ്സിലാക്കിയാലും പോരാ; കർത്താവു അതു നൽകുവാൻ നാം ചിലതു ചെയ്യണം. നമ്മുടെ വേദഭാഗം “വന്ന്” “കുടിക്കട്ടെ,”

എന്നീ വാക്കുകളിലൂടെ വ്യക്തമാക്കിയിരിക്കുന്നു. ക്രിസ്തുവിലേക്കു വരിക എന്നു പറഞ്ഞാൽ അവനെ കർത്താവായി അംഗീകരിക്കയും അവന്റെ ഇഷ്ടം ചെയ്യുവാൻ ഒരാൾ സമർപ്പിക്കപ്പെടുകയും വേണം. കുടിക്കുക എന്നാൽ അവന്റെ അനുഗ്രഹങ്ങൾ പങ്കിടുകയും വ്യക്തിത്വത്തിന്റെ ഭാഗമാകുകയും വേണം. നാം യേശുവിൽ വിശ്വസിച്ച് അവന്റെ ഇഷ്ടം ചെയ്യുമ്പോൾ, നാം അവന്റെ ഭാഗമാകുകയും അവൻ നമ്മുടെ ഭാഗമാകുകയും ചെയ്യും.[35] പൗലൊസ് ഗലാത്യയിലെ ക്രിസ്ത്യാനികൾക്ക് എഴുതി, "ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും *ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു*" (ഗലാത്യർ 3:26, 27; എംഫസിസ് മൈൻ).

തണുത്ത, ശുദ്ധമായ, സ്ഫടിക–തുല്യമായ വെള്ളം ഒഴുകിക്കൊണ്ടിരിക്കുന്ന, വിശാലമായ ഒരു നദി മനസ്സിൽ സങ്കൽപിക്കുക. ആ അരുവിയുടെ ഓരോ വശത്തുമായി, ഉണങ്ങി കൂമ്പാരമായി കിടക്കുന്ന – ദാഹം കൊണ്ടു മരിച്ച മനുഷ്യരുടെയും മൃഗങ്ങളുടെയും അസ്ഥിക്കൂമ്പാരം ഒരു വശത്ത്. അതിനടുത്തുകൂടെയാണ് ജീവൻ–നൽകുന്ന വെള്ളമുള്ള അരുവി ഒഴുകുന്നത്. അത്തരം അപകടകരമായ സ്ഥിതി ഭൗതിക ലോകത്തിന്നു മനസ്സിലാക്കുവാൻ വിഷമമാണ്, എന്നാൽ ആത്മീയ ഗോളത്തിൽ അതെല്ലാം സാധാരണയാണു താനും. ആയിരക്കണക്കിനു, ദശലക്ഷക്കണക്കിനുപോലും ആളുകൾ, ആത്മീയജലമില്ലാതെ മരിച്ചിട്ടുണ്ട്, യേശു – ജീവജലത്തിന്റെ ഉറവ – മനസ്സിലാക്കേണ്ടതായി അവരുടെ ഉള്ളിലുണ്ടായിരുന്നു. പ്രശ്നം എന്തായിരുന്നു എന്നുവെച്ചാൽ അവരുടെ ആത്മീയ ആവശ്യം അവർക്ക് അജ്ഞാതമായിരുന്നു. അവർ അവനിൽ ആശ്രയിക്കുവാൻ കൂട്ടാക്കാതെ തങ്ങളുടെ ജീവിതം അവർ എതിരായി ജീവിച്ചു എന്നാൽ അവർ അവനിലേക്കു തിരിഞ്ഞ് അവനിൽ നിന്നു കുടിച്ചാൽ അവർ പുതുക്കം പ്രാപിക്കും.

**ഉപസംഹാരം**

നിങ്ങളോ? നിങ്ങളുടെ ആത്മീയ ദാഹത്തെ നിങ്ങൾ അറിയുന്നുണ്ടോ? എങ്കിൽ നീട്ടിവെയ്ക്കാതെ ഇന്നുതന്നെ ക്രിസ്തുവിന്റെ അടുത്തുവരിക. നിങ്ങൾക്ക് പാപമോചനം വേണോ? അവന്റെ അടുക്കൽ വന്ന് കുടിക്കുക. നിങ്ങൾക്ക് ശക്തി വേണോ? അവന്റെ അടുക്കൽ വന്ന് കുടിക്കുക. നിങ്ങൾക്ക് മനസ്സിലാക്കിതരുവാൻ, നിങ്ങളുടെ വശത്ത് ആരെങ്കിലും വേണോ? അവന്റെ അടുക്കൽ വന്ന് കുടിക്കുക. നിങ്ങളുടെ ജീവിതം മാറ്റുവാൻ നിങ്ങൾക്ക് ശക്തി വേണോ? അവന്റെ അടുക്കൽ വന്നു കുടിക്കുക. നിങ്ങൾക്ക് ആത്മീക നവീകരണം വേണോ? അവന്റെ അടുക്കൽ വന്നു കുടിക്കുക. നിങ്ങളുടെ ജീവിതത്തിന് ഒരു ദിശാബോധവും ഉദ്ദേശവും വേണോ? അവന്റെ അടുക്കൽ വന്നു കുടിക്കുക.

നാം പഠിച്ചുകൊണ്ടിരുന്ന വേദഭാഗത്തെ ആസ്പദമാക്കി കുട്ടികളുടെ കഥ പറയുമ്പോൾ നിങ്ങളുടെ ആവശ്യത്തെ കുറിച്ച് ചിന്തിക്കുക. ഈ കഥ സി. എസ്. ലൂയിസിന്റെ *ദ സിൽവർ ചെയർ*, ബുക്ക് 6 ഇൻഹിസ് ക്രോണിക്കിൾസ് ഓഫ് നർനിയ.[36]

ജിൽ എന്ന ഒരു ചെറിയ പെൺകുട്ടി കാട്ടിൽ അകപ്പെട്ടുപോയി. അവൾ നടന്നുനീങ്ങിയപ്പോൾ, ഒരു സിംഹത്തെ കണ്ടു. നമ്മിലധികം പേരും ചെയ്യു

ന്നതുപോലെ അവളും ചെയ്തു; അവൾ തിരിഞ്ഞ് ഓടി. അവൾ ഓടിയോടി ദാഹിച്ചു വലയുന്നതുവരെ ഓടിക്കൊണ്ടിരുന്നു. ഇനി ഓടാൻ വയ്യ ഒരുഗ്ലാസ് വെള്ളം കുടിക്കുവാൻ കിട്ടുമോ എന്നു നോക്കട്ടെ അതിനിടയിൽ സിംഹമ വളെ പിടിച്ചു തിന്നുകയാണെങ്കിൽ തിന്നട്ടെ എന്നു കരുതി. അവൾ ഒരു അരുവിയ്ക്കരുകിൽ എത്തി, എന്നാൽ അവൾ തന്റെ കാൽപ്പാടുകളെ ശ്രദ്ധി ച്ചു; ആ അരുവിയ്ക്കരുകിൽ സിംഹം കിടക്കുന്നു. സിംഹം ജില്ലിനോടു പറ ഞ്ഞു, "നിനക്കു ദാഹിക്കുന്നുണ്ടെങ്കിൽ, കുടിക്കാം." അവൾ അവിടെത്തന്നെ നിന്നു.

> "നിനക്ക് ദാഹിക്കുന്നുണ്ടോ?"
> സിംഹം ചോദിച്ചു, "ജിൽപറഞ്ഞു," എനിക്കു ദാഹിക്കുന്നുണ്ട്.
> "അപ്പോൾ പിന്നെ കുടിക്ക," സിംഹം പറഞ്ഞു ...
> "ഞാൻ അടുത്തുവന്നാൽ – നീ എന്നെ ഉപദ്രവിക്കുകയില്ല എന്ന് ഉറപ്പുത രുമോ?" ജിൽ ചോദിച്ചു.
> "ഞാൻ ഉറപ്പൊന്നും തരികയില്ല," സിംഹം പറഞ്ഞു.
> ജില്ലിനു അപ്പോൾ വലിയ ദാഹമുണ്ടായിരുന്നു, അത് ശ്രദ്ധിക്കാതെ, അവൾ ഒരടി എടുത്തുവെച്ചു
> അവൾ ചോദിച്ചു, "നീ പെൺകുട്ടികളെ തിന്നുമോ?"
> "ഞാൻ പെൺകുട്ടികളെയും ആൺകുട്ടികളെയും, സ്ത്രീകളെയും പുരു ഷന്മാരെയും രാജാക്കന്മാരെയും ചക്രവർത്തിമാരെയും, പട്ടണത്തിലുള്ള വരെയും ഗ്രാമത്തിലുള്ളവരെയും തിന്നിട്ടുണ്ട്" എന്നു സിംഹം പറഞ്ഞു. ഞാനിതു പറഞ്ഞത് പ്രശംസിപ്പാനോ, അല്ലെങ്കിൽ അതിൽ ദുഃഖിക്കുവാനോ, അല്ലെങ്കിൽ ദേഷ്യപ്പെടുത്തുവാനോ അല്ല. ഞാൻ വെറുതെ പറഞ്ഞുവെന്നു മാത്രം.
> ജിൽ പറഞ്ഞു, "എനിക്കു വന്നു കുടിപ്പാൻ ധൈര്യമില്ല."
> സിംഹം പറഞ്ഞു, "അപ്പോൾ നീ ദാഹിച്ചു മരിക്കും."
> "ഓ പ്രിയപ്പെട്ടവനേ!" ജിൽ, ഒരു ചുവടുകൂടെ നടന്നുകൊണ്ടു പറഞ്ഞു, "അപ്പോൾ ഞാൻ മറ്റൊരു അരുവിയിലേക്കു പോകണം എന്നു വിചാരിക്കു ന്നു."
> സിംഹം പറഞ്ഞു, "വേറൊരു അരുവിയില്ല."
> സിംഹത്തെ അവൾ ഒരിക്കലും അവിശ്വസിച്ചില്ല – അവന്റെ ആ ക്രൗര മുഖം നോക്കി ആർക്കും അതിനു കഴിയുകയുമില്ല – അവളുടെ മനസ്സ് പെട്ടെന്ന് മാറി. അവൾക്കു ചെയ്യേണ്ടതു ദാഹം ശമിപ്പിക്കുകയായിരുന്നു, എന്നാൽ അവൾ അരുവിയിലേക്കു മുൻപോട്ടു നടന്നു, കുനിഞ്ഞു അവ ളുടെ കയ്യിൽ വെള്ളമെടുത്തു കുടിക്കുവാൻ തുടങ്ങി. അതു തണുപ്പും, പുതുക്കവും നൽകുന്ന വെള്ളമായിരുന്നു. നിങ്ങൾക്ക് അത് അധികവും കുടിക്കേണ്ട ആവശ്യമില്ല, കാരണം അതു നിങ്ങളുടെ ദാഹം ഉടനെ ശമിപ്പി ക്കും.[37]

ജില്ലിനെ പോലെ, നമ്മിൽ പലരും ജീവിതത്തിലൂടെ ഓടുകയാണ് – നമ്മുടെ കൗമാരപ്രായത്തിൽ കൂടെ, യുവത്വവർഷങ്ങളിൽകൂടെ, പ്രായ പൂർത്തിയിലെത്തിയ വർഷങ്ങളിൽ കൂടെ, ഒരുപക്ഷെ പ്രായമായ വർഷങ്ങ ളിൽ കൂടെയും ഓടിക്കൊണ്ടിരിക്കുകയാവാം[38]– വളരെ ഓടി ദാഹമുള്ളവ

രായി തീർന്നിരിക്കാം. ഈ പാഠത്തിൽ “യെഹൂദാ ഗോത്രത്തിലെ സിംഹത്തെ” നാം മുഖാമുഖമായി കണ്ടു(വെളിപ്പാട് 5:5). ഓട്ടം നിർത്തുവാൻ അവൻ അപേക്ഷിക്കുന്നു. അവനെ കൂടാതെ ഒരിക്കലും നമ്മുടെ ദാഹം ശമിപ്പിക്കുവാൻ സാധ്യമല്ല എന്ന് അവൻ പറയുന്നു. ‘‘ഞാൻ വേറെ അരുവി കണ്ടെത്തും” എന്നു നിങ്ങൾ പറയുമോ? വേറൊരു അരുവിയില്ല. “ഞാൻ മരിക്കുമെന്നു തോന്നുന്നു” എന്നു നിങ്ങൾ പറയുമോ? നിങ്ങൾ അവന്റെ അടുക്കൽ വന്നില്ലെങ്കിൽ നിങ്ങൾ ആത്മിയമായി മരി*ക്കും*. നിങ്ങൾ ഓടി തളർന്നുവെങ്കിൽ, ദാഹിച്ചു വലഞ്ഞിരിക്കുകയാണെങ്കിൽ, ഇന്നു തന്നെ അവന്റെ അടുക്കൽ എത്തുക (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:36–38; ഗലാത്യർ 3:26, 27).[39]

## പാലസ്തീന്റെ എല്ലാ ഭാഗത്തുമുള്ള യേശുവിന്റെ അവസാന ശുശ്രൂഷ

പാലസ്തീന്റെ എല്ലാ ഭാഗത്തുമുള്ള യേശുവിന്റെ ശുശ്രൂഷ ആറു മാസം നീണ്ടു നിന്നതായിരുന്നു – കൂടാരപ്പെരുന്നാൾ മുതൽ യേശുവിനെ ക്രൂശിൽ തറച്ച പെസഹ വരെ. ആ ആറു മാസത്തിനിടയിൽ, യേശു പാലസ്തീൻ ഉടനീളം സഞ്ചരിച്ചു (പ്രത്യേകിച്ച് തെക്കുഭാഗത്ത്), എന്നാൽ സമയാസമയങ്ങളിൽ അവൻ യെരുശലേമിലേക്ക് മടങ്ങി വരുമായിരുന്നു. ആ കാലയളവിനെ നമുക്ക് രണ്ടായി തരം തിരിക്കാം:അവസാന യെഹൂദ്യ ശുശ്രൂഷയും പെറിയൻ ശുശ്രൂഷയും. യെഹൂദ്യ ശുശ്രൂഷയുടെ അവസാനം യെരുശലേമിൽ സംഭവിച്ചത് എന്താണെന്നു യോഹന്നാൻ പറയുന്നു, എന്നാൽ പെറിയൻ ശുശ്രൂഷയുടെ പ്രാഥമിക ഉറവിടം ലൂക്കൊസ് ആണ്.

ആ കാലയളവിന്റെ കാലനിർണ്ണയം നടത്തുക എളുപ്പമല്ല. അതിനുള്ള ഒരു വഴി ഇതാ:യേശു മൂന്നു പ്രാവശ്യം യെരുശലേമിലേക്ക് പോകുന്നതായി ലൂക്കൊസ് പറയുന്നു (ലൂക്കൊസ് 9:51; 13:22; 17:11). യോഹന്നാൻ മൂന്നു പെരുന്നാളുകളെ കുറിച്ചു പറയുന്നു:കൂടാരപ്പെരുന്നാൾ അല്ലെങ്കിൽ സമാഗമനകൂടാരപ്പെരുന്നാൾ, അവിടെയാണ് ആ കാലയളവ് തുടങ്ങുന്നത് (യോഹന്നാൻ 7:2); ആ കാലയളവിന്റെ മദ്ധ്യത്തിലായിരുന്നു പ്രതിഷ്ഠോൽസവം (യോഹന്നാൻ 10:22); അവസാനം പെസഹാ പെരുന്നാൾ വരുന്നു (യോഹന്നാൻ 12:1). മൂന്നു പ്രാവശ്യം യെരുശലേമിലേക്ക് പോയി എന്ന് ലൂക്കൊസ് പറഞ്ഞ സ്ഥലത്ത് നമുക്ക് യോഹന്നാൻ പറഞ്ഞ മൂന്നു പെരുന്നാളുകളും ചേർക്കാം. ഇതാണ് പഠനങ്ങൾ സൗകര്യപ്രദമായി ക്രമപ്പെടുത്താവുന്ന രീതി. എന്നാൽ കൃത്യമായ കാലനിർണ്ണയം അപ്രധാനമാണെന്ന് ഓർക്കുക. ദൈവശ്വാസിയ എഴുത്തുകാർ ഒരു കലണ്ടർ പ്രകാരം വസ്തുതകൾ തിട്ടപ്പെടുത്തിയില്ല, എന്നാൽ അതിന് ഒരു ഉദ്ദേശമുണ്ട്: യേശുവിൽ വിശ്വാസം ജ്വലിപ്പിക്കുവാൻ (യോഹന്നാൻ 20:31 നോക്കുക).

---

കുറിപ്പുകൾ

[1]1987 മേയ് മാസത്തിൽ, എന്റെ നടുവിന് ഒരു ഓപ്പറേഷൻ വേണ്ടിവന്നപ്പോൾ എനിക്കുപകരം ടെക്സാസിലെ, ഫോർട്ടുവർത്തിൽ ബ്രൗൺ ട്രെയിൽ ചർച്ച് ഓഫ് ക്രൈസ്റ്റിൽ എനിക്കുപകരം പ്രീച്ചറായ റെസ്റ്റി പീറ്റർമാൻ “ജീവജലം,” എന്ന വിഷയത്തെ ആസ്പദ

മാക്കി പ്രസംഗിച്ചു. ആ പ്രസംഗത്തിനു മറ്റു പല ഉറവിടങ്ങളും അദ്ദേഹം ചർച്ചയ്ക്കെടുത്തു, എന്നാൽ അധികവും പീറ്റർ മാന്റെ അവതരണമായിരുന്നു. കുറിപ്പിൽ കൊടുത്തിരിക്കുന്നത് ഒഴിച്ചാൽ, ചിത്രീകരണങ്ങൾ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നുള്ളതാണ്. [2]ആ ദൂരം 8, 848 മീറ്ററിനു തുല്യമാണ്. [3]ആ സാഹസിക യാത്രക്കാരിൽ ഏറ്റവും അറിയപ്പെടുന്നവനായിരുന്നു ന്യൂസിലണ്ടുകാരനായ എഡ്മൺ ഹില്ലാരി. [4]മുൻപ്, താഴ്ന്ന രീതിയിൽ ഓക്സിജൻ ലഭിക്കേണ്ടതിനു തുല്യമായ പ്രത്യേകമായ ഉപകരണങ്ങൾ രൂപപ്പെടുത്തിയിരുന്നു, വലിയ കാറ്റും, അതിശൈത്യവും നേരിടുന്നതിനായിരുന്നു അത്. അവയെല്ലാം പ്രാധാന്യമുള്ളതും ആവശ്യവുമായിരുന്നു, എന്നാൽ അവസാന വിജയത്തിന് വേണ്ടിവന്ന മൂലകം മതിയായത്ര വെള്ളം ആയിരുന്നു. [5]ആവർത്തനപുസ്തകം 16:16–ൽ ആ മൂന്ന് പെരുന്നാളുകളെ കുറിച്ചു പറഞ്ഞിട്ടുണ്ട്. മറ്റു രണ്ടു പെരുന്നാളുകൾ പെസഹയും (പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ) പെന്തെക്കൊസ്തും (വാരോത്സവം) ആയിരുന്നു. [6]ഞാൻ കുട്ടിയായിരുന്നപ്പോൾ, അതേ രീതിയിലുള്ള ചട്ടക്കൂടിനെ ഞാൻ താമസിക്കുന്ന ഭാഗത്ത് "ബ്രഷ് ആർബേഴ്സ്" എന്നു വിളിച്ചിരുന്നു. [7]ഇക്കാരണത്താൽ, അതിനെ ഫലശേഖര പെരുന്നാൾ എന്നും അറിയപ്പെട്ടിരുന്നു (പുറപ്പാട് 23:16; 34:22). [8]പെരുന്നാളിന്റെ ചടങ്ങിൽ, ആ മെഴുകുതിരി കൂട്ടം ഓർപ്പിക്കുന്നത് യെഹൂദന്മാരെ മരുഭൂമിയിൽവെച്ച് അഗ്നിസ്തംഭം വഴിനടത്തിയതാണ്. [9]മൂന്നാമത്തെ അർത്ഥം പറയാവുന്നത്: ശലോമോന്റെ ആലയം പ്രതിഷ്ഠിച്ചത് കൂടാരപ്പെരുന്നാളിനിടയിൽ ആയിരുന്നു (1 രാജാക്കന്മാർ 8:2) അതുകൊണ്ടു പെരുന്നാൾ ആഘോഷങ്ങൾക്കിടയിൽ ദേവാലയത്തിന് പ്രത്യേക ശ്രദ്ധ നൽകിയിരുന്നു. രണ്ടു മുഖ്യ പ്രവർത്തനതീവ്രതയെ ചെറുതുമായി താരതമ്യപെപടുത്താമെങ്കിലും ഈ കാര്യം ശ്രദ്ധിക്കത്തക്ക വിലയുള്ളതാണ്. [10]ഉറവിനെക്കുറിച്ചും കുളത്തിനെ കുറിച്ചും കൂടുതൽ അറിയുവാൻ, "ശിലോഹോം കുളവും" "ഞാൻ കുരുടനായിരുന്നു, എന്നാൽ ഇപ്പോൾ കാണുന്നു" എന്ന പ്രസംഗവും ഈ പുസ്തകത്തിൽ ഉള്ളതു നോക്കുക.

[11]സുഖാ 4.1–5.6, 6യിൽ പെരുന്നാളിലെ പ്രവൃത്തികളെ കുറിച്ചു മിഷ്ണറി വിവരിക്കുന്നു. [12]പുറപ്പാട് 17–ൽ നിന്ന് ആ സംഭവം നമ്മൾക്ക് അവലോകനം നടത്താം. [13]നിങ്ങളുടെ ശ്രോതാക്കൾ ആരാധനയ്ക്കു കൂടിവരുമ്പോൾ ഉണ്ടായിട്ടുള്ള തടസ്സങ്ങൾ എന്ത് എന്ന് അവരോടു ചോദിക്കുക. [14]ആ ആഘോഷങ്ങൾക്കിടയിലായിരുന്നു യേശു ഈ വാക്കുകൾ പറഞ്ഞത് അല്ലെങ്കിൽ പിന്നീടാണോ എന്ന്, നമ്മോടു പറഞ്ഞിട്ടില്ല, അതു കാര്യമാക്കേണ്ടതുമല്ല. എന്നാൽ, ആഘോഷം പുരുഷാരത്തെ നവോന്മേഷത്തിൽ എത്തിക്കുന്നതായിരുന്നു. [15]നിങ്ങൾ താമസിക്കുന്ന സ്ഥലത്തുള്ള ആരാധനയ്ക്ക് യോജിക്കുന്ന വിധത്തിൽ ഈ ഖണ്ഡികയെ ഉപയോഗിക്കുക. ആരാധനയ്ക്കിടയിൽ ചെയ്യുന്ന കാര്യങ്ങളിൽ പ്രതിഫലിക്കുകയല്ല നിങ്ങളുടെ ഉദ്ദേശം എന്നു വ്യക്തമാക്കുന്നു. ദൈവം പറഞ്ഞിരിക്കുന്നതുപോലെ തന്നെ നടത്തപ്പെടേണ്ട ഒന്നാണ് ആരാധന (യോഹ. 4:24). എങ്ങനെയായാലും, അത് വെറുമൊരു ചടങ്ങായി തീർന്നാൽ, വിലയില്ലാത്തതായി മാറും. [16]ആ വേർഷനുകളിൽ എൻഎവിയും, ആർഎസ്‌വിയും, എൻകെജെവിയും ഉൾപ്പെടുന്നു. [17]ഒന്നാമത്തെ വ്യത്യാസം തർജ്ജിമക്കാർക്ക് ഇഷ്ടമാണെങ്കിലും, സന്ദർഭത്തിനു യോജിക്കുന്നതു രണ്ടാമത്തെതാണ്. ഉദാഹരണത്തിന്, യേശു അയക്കുമെന്നുപറഞ്ഞ പരിശുദ്ധാത്മാവിനെയാണ് "ജലം" എന്ന് വാക്യം 39–ൽ പറയുന്നത്. (യോഹന്നാൻ 15:26 നോക്കുക). [18]ഹാർവേർഡ് എന്നത് അമേരിക്കയിലെ അറിയപ്പെട്ട ഒരു കോളേജാണ്. [19]ട്രഡ്മിൽ എന്നത് വിശാലവും, ചലിക്കുന്ന ബെൽറ്റിന്മേൽ നടക്കാവുന്ന ഒരു യന്ത്രമാണ്. അത് പരിശീലനത്തിനും വൈദ്യപരിശോധനയ്ക്കും (ഹൃദയപരിശോധന), വ്യായാമത്തിനും ഉപയോഗിക്കുന്നു. [20]ജീവജലത്തിന്റെ ഉറവിടം എപ്പോഴും കർത്താവാണ് (യിരെമ്യാവു 2:13; 17:13).

[21]ന്യൂയോർക്ക് പട്ടണത്തിൽ ജനസംഖ്യ 7 ദശലക്ഷത്തിനപ്പുറം വരും, പട്ടണഭാഗത്ത് 18 ദശലക്ഷത്തിലധികം ആളുകൾ കാണും. നിങ്ങളുടെ ശ്രോതാക്കൾക്ക് ന്യൂയോർക്ക് പട്ടണം പരിചയമില്ലെങ്കിൽ നിങ്ങളുടെ രാജ്യത്തുള്ള ഏതെങ്കിലും മെട്രോ പൊളിറ്റൺ പട്ടണത്തെ ആലങ്കാരികമായി ഉപയോഗിക്കാം. [22]യേശുവിന്റെ ക്രൂശിനടിയിലൂടെ ജലവും രക്തവും ഒഴുകി എന്ന് സൂചിപ്പിക്കുവാൻ പ്രാരംഭ ക്രിസ്തീയ എഴുത്തുകാർ ഇഷ്ടപ്പെട്ടിരുന്നു (യോഹന്നാൻ 19:34), അതു പറയുന്നതു ഇറ്റിറ്റു വീണുകൊണ്ടിരുന്ന വെള്ളം ശക്തമായ അനുഗ്രഹത്തിന്റെ അരുവിയായി തീർന്നു എന്നാണ്. [23]അത് വെള്ളത്തിന്റെ ചടങ്ങുമായി സ്വാഭാവികമായ–ബന്ധമുള്ള ഒന്നായിരുന്നു, വെള്ളം ഒഴുക്കുന്ന ചടങ്ങ് വരുവാനിരിക്കുന്ന പരിശുദ്ധാത്മാവു–പകരലിന്റെ മുൻ നിഴലായിരുന്നുവെന്ന് യെഹൂദന്മാർ കരുതിയിരുന്നു. ഇതിനെ കുറിച്ചു കൂടുതൽ അറിയുവാൻ, ഈ പുസ്തകത്തിലുള്ള "യെരുശലേമിലേക്കുള്ള യാത്ര," എന്ന പാഠം നോക്കുക. [24]തീർച്ചയായും, യോഹന്നാൻ ഇത് എഴുതിയപ്പോൾ, പരിശുദ്ധാത്മാവിനെ പെന്തെക്കൊസ്തുനാളിൽ അയക്കുമെന്നതു സംഭവിച്ചുകഴിഞ്ഞു. [25]വിശ്വസിച്ചു സ്നാനമേൽക്കുന്ന ഓരോരുത്തരിലും അത്ഭുതകര–മല്ലാത്ത പരിശുദ്ധാത്മ ദാനം എല്ലാവർക്കും ലഭിക്കുന്നതിനെ ഈ പ്രസംഗത്തിൽ വിശദമാക്കുവാൻ ഉദ്ദേശിക്കുന്നില്ല (ലേഖനങ്ങളിൽ അതിനെ പൊതുവിൽ പറഞ്ഞിരിക്കുന്നത് വസിക്കുന്നതിന് എന്നാണ്: റോമർ 8:9, 11; 1 കൊരിന്ത്യർ 3:16; 2 തിമൊഥെയൊസ് 1:14; യാക്കോബ് 4:5). [26]പ്രവൃത്തികൾ 2:38–ലെ പത്രൊസിന്റെ പ്രസ്താവന തന്നെയാണ് അടിസ്ഥാനപരമായി അവൻ പ്രവൃത്തികൾ 3:19–ൽ പറഞ്ഞിരിക്കുന്നത് എന്നാണ് കരുതപ്പെടുന്നത്. അതങ്ങനെയാണെങ്കിൽ, "പരിശുദ്ധാത്മാവു എന്ന ദാനം" "ആശ്വാസകാലം," എന്നതിനു തുല്യമാണ്. [27]"അവന്റെ ഉള്ളിൽ നിന്നും" എന്ന വാക്യം 38–ലെ പ്രയോഗം സൂചിപ്പിക്കുന്നത് വിശ്വസിക്കുന്നതിനെയാണ് (എന്നാണ് മിക്കതർജ്ജിമക്കാരും വിചാരിക്കുന്നത്), അന്തർലീനമായിരിക്കുന്ന ഒരു വാഗ്ദാനം എന്തെന്നാൽ നമ്മിലേക്ക് ഒഴുകുന്ന അനുഗ്രഹങ്ങൾ മറ്റുള്ളവരിലേക്കും ഒഴുകും എന്നതാണ്. ആ വാക്യത്തിൽ ഉള്ളത് ക്രിസ്തുവിന്റെ മനസ്സിൽ അതു പ്രത്യേകമായി ഉള്ളതാണെങ്കിലും ഇല്ലെങ്കിലും, ആ ആശയം ശരിയാണ്. [28]യേശു ക്ഷമിക്കുന്നത് *കൂട്ടായ* ആഘോഷത്തിനുവേണ്ടിയല്ല മറിച്ച് *വ്യക്തിപരമായ* പ്രതികരണത്തിനുവേണ്ടിയാണ്. [29]അമേരിക്കൻ സദസ്സിനു ഇതു പ്രായോഗികത വരുത്തി, റെസ്റ്റി പീറ്റർമാൻ പറഞ്ഞു, "നമ്മിൽ മിക്കവരും ദാഹിക്കുന്നു എന്നതുകൊണ്ടു അർത്ഥമാക്കുന്നതു വെള്ളം കുടിക്കുവാൻ ടി.വി.യിൽ പരസ്യം വരട്ടെ, അല്ലെങ്കിൽ ആരാധന തീർന്നിട്ടുവേണം അൽപം തണുത്ത വെള്ളം കുടിക്കുവാൻ എന്നതാണ്." ആളുകൾ കഠിനദാഹം അനുഭവപ്പെട്ട പ്രദേശത്താണ് നിങ്ങൾ താമസിക്കുന്നതെങ്കിലും അല്ലെങ്കിലും പ്രസംഗത്തിന്റെ ഈ ഭാഗം ഉപയോഗിക്കേണ്ട രീതിയിൽ ഉപയോഗിക്കണം. [30]ചന്ദ്രന്റെ ശൂന്യമായ പ്രതലത്തിന്റെ ചിത്രം കണ്ടിട്ടുള്ളവരാണ് എന്റെ സദസ്സിൽ മിക്കപേരും. നിങ്ങളുടെ ശ്രോതാക്കൾ അതു കണ്ടിട്ടില്ലെങ്കിൽ മറ്റൊരു താരതമ്യം ഉപയോഗിക്കാം.

[31]ആത്മീയ ആവശ്യത്തെ ആലങ്കാരികമായി ദാഹം എന്നതു പല വേദഭാഗത്തിലും ഉപയോഗിച്ചിട്ടുണ്ട് (സങ്കീ 42:1, 2; വെളിപ്പാട് 22:17 നോക്കുക). [32]നിങ്ങൾ താമസിക്കുന്ന പ്രദേശത്തിനു യോജിക്കുന്ന വിധത്തിൽ ഈ വാചകത്തെ വിപുലീകരിച്ചു ഉപയോഗിക്കാം. [33]നിരാശയോടെ, കടലിൽ അകപ്പെട്ടവർ കടൽവെള്ളം കുടിച്ച്, ദാഹം ശമിക്കുമെന്ന് വിചാരിച്ചുവെങ്കിലും, അവർക്ക് തൃപ്തി വരുവാൻ സാധിച്ചില്ല എന്നു മാത്രമല്ല, ദാഹം വർദ്ധിക്കുകയാണ് ചെയ്തത്. ആ ഉപമ നിങ്ങളുടെ ശ്രോതാക്കൾക്കു പരിചയമില്ലെങ്കിൽ, നിങ്ങൾക്ക് യിരെമ്യാവു 2:13 ഉപയോഗിക്കാം: കർത്താവിന്റെ ആത്മീയ നവോന്മേഷത്തിന് പകരം കണ്ടുപിടിക്കുവാൻ ശ്രമിക്കുമ്പോൾ, അവർ വെള്ളം നിൽക്കാത്ത പൊട്ടിയ തൊട്ടിയാണ് എടുക്കുന്നത്. [34]രക്ഷിക്കുന്ന വിശ്വാസം അനുസരിക്കുന്ന വിശ്വാ

സമാണ് എന്ന് നിങ്ങൾക്ക് ഇത് ചൂണ്ടിക്കാണിക്കാം (റോമർ 1:5; 16:26: ഗലാത്യർ 5:6; യാക്കോബ് 2:22) വിശ്വാസം പ്രകടിപ്പിക്കേണ്ടത് മാനസാന്തരത്തിലും സ്നാനത്തിലുമാണ് (മർക്കൊസ് 16:15, 16; പ്രവൃത്തികൾ 2:38; ഗലാത്യർ 3:26, 27). [35]*ക്രിസ്തുവിന്റെ ജീവിതം*, 3–ലെ "പരിശോധനയ്ക്കുള്ള സമയം," എന്ന പാഠത്തിൽ ആത്മീകമായി "തിന്നുകയും" "കുടിക്കുകയും" ചെയ്യുന്നതിനെ പരാമർശിച്ചിരിക്കുന്നതു നോക്കുക. [36]സി. എസ്. ലൂയിസ്, *ദ സിൽവർ ചെയർ* (ന്യൂയോർക്ക്: ഹാർപ്പർ ട്രോഫി, ഹാർപ്പർ കോളിൻസ് പബ്ളിഷേഴ്സ്, 1981), 18–23. മതപരമായ ദൃഷ്ടാന്തങ്ങൾ നിറഞ്ഞതാണ് ക്രോണിക്കിൾസ് ഓഫ് നോർനിയ. നിങ്ങളുടെ സദസ്സിന് ഈ സംഭവം യോജിക്കുമോ ഇല്ലയോ എന്ന് കണ്ടെത്തി യോജിക്കുന്നത് ഉപയോഗിക്കുക. [37]ഇബിഡ്., 22–23. [38]നിങ്ങൾ താമസിക്കുന്ന പ്രദേശത്ത് ഈ കാലയളവിലെ മുഖ്യ പ്രവൃത്തികളുടെ ചുരുങ്ങിയ വിവരണം നിങ്ങൾക്കു വേണമെങ്കിൽ ചേർക്കാം. [39]ഈ ക്ഷണത്തിലെ ഊന്നൽ അ–ക്രൈസ്തവർക്കുള്ളതാണ്, എന്നാൽ കർത്താവുമായിട്ടുള്ള ബന്ധം ഉപേക്ഷിച്ച ക്രിസ്ത്യാനികൾക്കും ആത്മീയ ദാഹം അനുഭവപ്പെടാം. ക്രിസ്ത്യാനികൾ തങ്ങളുടെ ആദ്യ സ്നേഹത്തിലേക്ക് മടങ്ങിവരേണമെന്ന പോയിന്റു നിങ്ങൾക്കു ചൂണ്ടിക്കാണിക്കാം. (വെളിപ്പാട് 2:4; പ്രവൃത്തികൾ 8:22; യാക്കോബ് 5:16).